ഉത്തരം

(എ) അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്.†

(ബി & സി) അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.†

സ്ത്രീകളും കുട്ടികളും കൊലചെയ്യപ്പെട്ട കേസുകൾ

73 [74] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര സ്ത്രീകളും കുട്ടികളും കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കൊലചെയ്യപ്പെട്ട സ്ത്രീകളിൽ എത്ര പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്ത്രീകൾ .. 283

കുട്ടികൾ .. 185

(ബി) 415 കേസുകൾ.

(സി) 44 സ്ത്രീകൾ എസ്. സി./എസ്. റ്റി. വിഭാഗത്തിൽപ്പെട്ടവരാണ്.

സ്ത്രീധന പീഡനത്തെത്തുടർന്ന് മരണമടഞ്ഞവർ

74 [75] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് സ്ത്രീ പീഡനത്തെത്തുടർന്ന് എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly